"ഭരണഭാഷ - മാതൃഭാഷ"

ഇ7-20314/16

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 18.07.2017.

# സർക്കുലർ

*വിഷയം:-* പഞ്ചായത്ത്വകുപ്പ് - ജീവനക്കാര്യം - നിരീക്ഷണകാലം - തൃപ്തികരമായി പൂർത്തിയായതായി പ്രഖ്യാപിക്കൽ- സമയബന്ധിത നടപടി- സംബന്ധിച്ച്.

*സൂചന:-* സർക്കാരിന്റെ 08.05.1985-ലെ 50403/റൂൾ-1/182/പൊഭവ. നമ്പർ സർക്കുലർ.

1958-ലെ കെ.എസ്.&എസ്.എസ് ചട്ടങ്ങളിലെ പാർട്ട് II ചട്ടം 28 (എ) (iii) അനുസരിച്ച് നേരിട്ട് നിയമനം ലഭിക്കുന്ന ജീവനക്കാരുടെ നിരീക്ഷണകാലംതുടർച്ചയായമൂന്നുവർഷത്തെ സേവനത്തിൽ രണ്ടുവർഷത്തെ സേവനവുംഉദ്യോഗക്കയറ്റം മുഖേന നിയമനം ലഭിക്കുന്ന തസ്തികയിലെ നിരീക്ഷണകാലം തുടർച്ചയായരണ്ടുവർഷത്തെ സേവനത്തിൽ ഒരുവർഷത്തെ സേവനമാണ്. ഗസറ്റഡ് തസ്തികയിൽ ഉദ്യോഗക്കയറ്റംമുഖേന നിയമിക്കപ്പെടുന്ന ജീവനക്കാരുടെ നിരീക്ഷണകാലം തുടർച്ചയായ ഒരുവർഷത്തെ സർവ്വീസിൽ 6 മാസത്തെ സേവനവുമാണ്. (ജി.ഒ.(പി)42/2010/P&ARD) തീയതി.20/12/2010)

നിരീക്ഷണകാലയളവ് പൂർത്തിയായതിന് ശേഷംജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ/ വിജിലൻസ് കേസ്സ് എന്നിവ നിലവിലുള്ള കാരണങ്ങളാൽ നിരീക്ഷണകാലയളവ് പൂർത്തികരിച്ചതായി പ്രഖ്യാപിക്കുന്നത് നീണ്ടുപോകുകയും തൻനിമിത്തംജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ. പാർട്ട്Iചട്ടം 84 പ്രകാരമുള്ള അവധി അനുവദിക്കൽ, ഉദ്യോഗക്കയറ്റംഎന്നിവയ്ക്കും നിരീക്ഷണകാലംതൃപ്തികരമായി പൂർത്തികരിച്ചിട്ടുണ്ടെന്ന് പ്രഖ്യപിക്കേണ്ടതായിട്ടുണ്ട്. KSR Part I ചട്ടം 37B(b)(i),(ii) അനുസരിച്ച് നിരീക്ഷണകാലം രണ്ട്വർഷമായ ജീവനക്കാരുടെകാര്യത്തിൽ രണ്ടാമത്തെ വാർഷിക ശമ്പളവർദ്ധനവും, നിരീക്ഷണകാലം ഒരുവർഷമായ ജീവനക്കാരുടെ കാര്യത്തിൽ ആദ്യത്തെ വാർഷിക ശമ്പളവർദ്ധനവും നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചതിനു ശേഷമേ അനുവദിക്കാൻ പാടുള്ളൂ. എന്നാൽ നിരീക്ഷണകാലം തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന് മുൻപ് ആദ്യത്തെ/രണ്ടാമത്തെ വാർഷിക ശമ്പളവർദ്ധനവ് അനുവദിച്ച് നൽകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ താഴെപ്പറയുന്നവ എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സൂചന (1) സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള നടപടികൾ നിരീക്ഷണകാല പൂർത്തീകരണ പ്രഖ്യാപനത്തിന് സ്വീകരിക്കേണ്ടതാണ്.
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിയമനാധികാരിയായതസ്തികയിലെ നിരീക്ഷണകാലം തൃപ്തികരമായി പൂർത്തീകരിച്ചത് സംബന്ധിച്ച് നടപടികൾ ആ ആഫീസിൽ തന്നെ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ് ഇതിനായി ഇൻകുംബൻസി രജിസ്റ്റർ നിർബന്ധമായും തയ്യാറാക്കി സൂക്ഷിക്കണം. നിരീക്ഷണകാലം യഥാസമയം പ്രഖ്യാപിച്ചിട്ടുണ്ട് എന്ന് കാലാകാലങ്ങളിൽ രജിസ്റ്റർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
3. 1958 ലെ കെ.എസ്&എസ്.എസ്ചട്ടം 21 പ്രകാരംനിയമനാധികാരിയ്ക്ക് നിരീക്ഷണകാലം ദീർഘിപ്പിച്ച് നൽകാവുന്ന കാലയളവിന് ശേഷവും നിരീക്ഷണകാലം തൃപ്തികരമായി

പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ പരീക്ഷായോഗ്യത നേടാത്ത ജീവനക്കാരുടെ വിവരങ്ങൾ പരിശോധിച്ച് അടിയന്തിരതുടർനടപടിസ്വീകരിക്കേണ്ടതാണ്.

4. നിരീക്ഷണകാലം യഥാസമയം പൂർത്തിയായതായി പ്രഖ്യാപിക്കാൻ കഴിയാത്തത് ജീവനക്കാരുടെ ഭാഗത്തു നിന്നുള്ള വീഴ്ചമൂലമാണെങ്കിൽ 1958 ലെ കെ.എസ്.&എസ്.എസ്. ചട്ടം 19 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുമെന്ന് ജീവനക്കാർക്ക് മുന്നറിയിപ്പ് നൽകേണ്ടതും അതിൻപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

5. അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ നിരീക്ഷണകാലം തുടർച്ചയായ രണ്ടു വർഷത്തിൽ ഒരു വർഷത്തെ സേവനമാണ്. സെക്രട്ടറി തസ്തികയിലെ നിരീക്ഷണകാലം ഒരുവർഷത്തെ തുടർച്ചയായ സേവനത്തിൽ 6 മാസക്കാലയളവാണ്. ടികാലയളവ് പൂർത്തിയാക്കിയ ജീവനക്കാരുടെ നിരീക്ഷണകാല പ്രഖ്യാപനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ബന്ധപ്പെട്ട ജീവനക്കാർക്ക് അറിയിപ്പ് നൽകി അവരിൽ നിന്നും പ്രൊപ്പോസൽ വാങ്ങി നിയമനാധികാരിയായ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ടി പ്രൊപ്പോസലിൽ താഴെപ്പറയുന്ന രേഖകൾഹാജരാക്കേണ്ടതാണ്.

    1. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള അപേക്ഷ (2).
    2. പ്രൊബേഷനെ ബാധിയ്ക്കുന്ന അവധികളെസംബന്ധിച്ച സാക്ഷ്യപത്രം.
    3. work and conduct certificate.
    4. വകുപ്പുതല അച്ചടക്കനടപടികൾ/വിജിലൻസ് കേസുകൾസംബന്ധിച്ച സാക്ഷ്യപത്രം.
    5. സേവന വിവരങ്ങൾ
    6. സേവനപുസ്തകത്തിന്റെ പ്രസക്ത പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
    7. ആവശ്യമായ ടെസ്റ്റുകൾ പാസ്സായതുസംബന്ധിച്ച വിവരം (സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം)
    8. അപേക്ഷകൻ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കപ്പെടാൻ അർഹനാണെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകുന്ന ശുപാർശ.

**പഞ്ചായത്ത്ഡയറക്ടർ**

*സി.എൻ*